മി. സ്പീക്കർ: ഓർഡർ, ഓർഡർ...... ചരമോപചാരം

**ചരമോപചാരം**

കെ. പി. നൂറുദ്ദീൻ, കെ. അനിരുദ്ധൻ, ഡേവിഡ് പിൻഹീറോ,
പി. ബി. ആർ. പിള്ള എന്നിവരുടെ നിര്യാണം സംബന്ധിച്ച്

കെ.പി. നൂറുദ്ദീൻ

മി. സ്പീക്കർ: മുൻ മന്ത്രി കെ. പി. നൂറുദ്ദീൻ 2016 മെയ് 29-ന് അന്തരിച്ചു.

മുഹമ്മദ് ഹാജിയുടെ മകനായി 1939 ജൂലായ് 30-ന് കെ. പി. നൂറുദ്ദീൻ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം യൂത്ത് കോൺഗ്രസ്സിലൂടെ പൊതുപ്രവർത്തനരംഗത്ത് സജീവമായി.

1977-ൽ പേരാവൂർ നിയോജകമണ്ഡലത്തിൽ നിന്നും അഞ്ചാം കേരള നിയമസഭയിലേക്ക് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് 1980, 1982, 1987, 1991 എന്നീ വർഷങ്ങളിൽ യഥാക്രമം ആറ്, ഏഴ്, എട്ട്, ഒൻപത് കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടു.

1982 മെയ് 24 മുതൽ 1987 മാർച്ച് 25 വരെയുള്ള കാലയളവിൽ കെ. കരുണാകരൻ മന്ത്രിസഭയിൽ വനം, സ്പോർട്സ് എന്നീ വകുപ്പുകളുടെ ചുമതല

നിർവ്വഹിച്ച അദ്ദേഹം, സൈലന്റ് വാലി ദേശീയോദ്യാനമായി പ്രഖ്യാപിച്ചതുൾപ്പടെ വനവൽക്കരണത്തിനും പ്രകൃതിസംരക്ഷണത്തിനും ഊന്നൽ നൽകിയ നിരവധി പദ്ധതികൾക്ക് നേതൃത്വം നൽകി. കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി ചെയർമാൻ എന്ന നിലയിലും അദ്ദേഹം പ്രവർത്തിച്ചു.

കണ്ണൂർ ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. ട്രഷറർ, കെ.എസ്.എഫ്.ഇ. ചെയർമാൻ, 'വീക്ഷണം' മാനേജിംഗ് ഡയറക്ടർ തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുള്ള കെ. പി. നൂറുദ്ദീൻ, ഇരിട്ടി എജ്യൂക്കേഷണൽ സൊസൈറ്റി പ്രസിഡന്റ്, പയ്യന്നൂർ കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് പ്രസിഡന്റ്, കണ്ണൂർ ജില്ലാ ആയുർവ്വേദ സഹകരണ സംഘം പ്രസിഡന്റ് എന്നീ നിലകളിൽ സഹകരണ മേഖലയിലും തന്റേതായ സംഭാവനകൾ നൽകി. കെ. പി. സി. സി. എക്സിക്യൂട്ടീവ് അംഗമായി പ്രവർത്തിച്ചു വരികയായിരുന്നു.

കെ. പി. നൂറുദ്ദീന്റെ നിര്യാണത്തോടെ സംശുദ്ധ രാഷ്ട്രീയത്തിലൂടെയും ലാളിത്യമാർന്ന ജീവിതശൈലിയിലൂടെയും പൊതുപ്രവർത്തകർക്ക് മാതൃകയായ മികച്ച ഒരു സാമാജികനേയും സഹകാരിയേയും ഭരണാധികാരിയേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

<u>കെ. അനിരുദ്ധൻ</u>

മുൻ നിയമസഭാംഗവും സ്വാതന്ത്ര്യസമരസേനാനിയുമായ കെ. അനിരുദ്ധൻ 2016 മെയ് 22-ന് അന്തരിച്ചു.

പി. കൃഷ്ണന്റെ മകനായി 1927 ഫെബ്രുവരി 28-ന് കെ. അനിരുദ്ധൻ ജനിച്ചു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽനിന്നും ബിരുദം നേടിയശേഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നും നിയമബിരുദവും നേടി.  സ്കൂൾ ജീവിത കാലത്തുതന്നെ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായ അദ്ദേഹം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയരംഗത്ത് സജീവമായി.

1963-ൽ തിരുവനന്തപുരം-II നിയോജകമണ്ഡലത്തിൽ നിന്നും രണ്ടാം കേരള നിയമസഭയിലേക്ക് സി.പി.ഐ. പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട കെ. അനിരുദ്ധൻ അഞ്ച്, ആറ് കേരള നിയമസഭകളിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭയുടെ ഹൗസ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ അദ്ദേഹം സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. 1967-ൽ ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ നിന്നും നാലാം ലോകസഭയിലേക്ക് സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

സി.പി.ഐ. തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം, സി.പി.ഐ.(എം) തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗം, സ്റ്റേറ്റ് കമ്മിറ്റി അംഗം, തിരുവനന്തപുരം

ജില്ലാ കൗൺസിൽ പ്രസിഡന്റ്, സി.ഐ.റ്റി.യു. സ്റ്റേറ്റ് പ്രസിഡന്റ്, തിരുവനന്തപുരം കോർപ്പറേഷൻ കൗൺസിലർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നവകേരളം, വിശ്വകേരളം എന്നീ പ്രസിദ്ധീകരണങ്ങളുടെ എഡിറ്ററുമായിരുന്നു. കൂടാതെ ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി തുടങ്ങിയ മേഖലകളിൽ ട്രേഡ് യൂണിയനുകൾ കെട്ടിപ്പടുക്കുന്നതിന് നേതൃത്വം നൽകി. എഴുത്തുകാരൻ, പത്ര പ്രവർത്തകൻ, പ്രാസംഗികൻ എന്നീ നിലകളിലും അദ്ദേഹം കഴിവ് തെളിയിച്ചു.

കേവലം ഒരു രാഷ്ട്രീയനേതാവ് എന്നതിനപ്പുറം ജനകീയ പ്രശ്നങ്ങളിൽ സജീവമായ ഇടപെടലുകൾ നടത്തി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠനേടിയ ഒരു മനുഷ്യസ്നേഹി കൂടി ആയിരുന്നു കെ. അനിരുദ്ധൻ. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ, വ്യാപകമായ വേട്ടയാടലുകൾക്ക് വിധേയമായ കാലഘട്ടങ്ങളിൽ പ്രസ്തുത സമീപനങ്ങൾക്കെതിരെ തീവ്രമായ പ്രതിരോധം സൃഷ്ടിച്ച് നിലകൊണ്ട ഒരു ചരിത്രമാണ് അദ്ദേഹത്തിനുള്ളത്.

കെ. അനിരുദ്ധന്റെ നിര്യാണത്തോടെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച, കഴിവുറ്റ ഒരു ട്രേഡ് യൂണിയൻ സംഘാടകനേയും, സംശുദ്ധ വ്യക്തിത്വത്തിനുടമയായ മികച്ച ഒരു പൊതുപ്രവർത്തകനേയും വാഗ്മിയേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

<u>പി.ബി.ആർ. പിള്ള</u>

മുൻ നിയമസഭാംഗം പി.ബി.ആർ. പിള്ള 2016 ഏപ്രിൽ 26-ന് അന്തരിച്ചു.

പി.എസ്. കൃഷ്ണപിള്ളയുടെ മകനായി 1931 മെയ് 2-ന് പി.ബി.ആർ. പിള്ള ജനിച്ചു. സോഷ്യലിസ്റ്റ് പാർട്ടി പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് എത്തി.

1970-ൽ ഏറ്റുമാനൂർ നിയോജകമണ്ഡലത്തിൽ നിന്നും നാലാം കേരള നിയമസഭയിലേക്ക് സോഷ്യലിസ്റ്റ് പാർട്ടി പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട പി.ബി.ആർ പിള്ള 1977-ൽ അഞ്ചാം കേരള നിയമസഭയിലേക്ക് അതേ നിയോജകമണ്ഡലത്തിൽനിന്നും ജനതാ പാർട്ടി പ്രതിനിധിയായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു.

ജനതാ പാർലമെന്ററി പാർട്ടി വിപ്പ് ആയി പ്രവർത്തിച്ച അദ്ദേഹം സോഷ്യലിസ്റ്റ് പാർട്ടി കോട്ടയം ജില്ലാ സെക്രട്ടറി, കേരള സ്റ്റേറ്റ് ഹാന്റ്ലൂം വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ചെയർമാൻ, ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി എന്നീ ചുമതലകളും വഹിച്ചിട്ടുണ്ട്.

പി.ബി.ആർ. പിള്ളയുടെ നിര്യാണത്തോടെ പ്രഗത്ഭനായ ഒരു സംഘാടകനേയും മികച്ച ഒരു പൊതു പ്രവർത്തകനേയുമാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

## ഡേവിഡ് പിൻഹിറോ

മുൻ നിയമസഭാംഗം ഡേവിഡ് പിൻഹിറോ 2016 ഫെബ്രുവരി 29-ന് അന്തരിച്ചു.

എറണാകുളം ജില്ലയിൽ മൈക്കിൾ പിൻഹിറോയുടെ മകനായി 1947 ജൂൺ 1-ന് ഡേവിഡ് പിൻഹിറോ ജനിച്ചു. യൂത്ത് കോൺഗ്രസ്സിലൂടെ രാഷ്ട്രീയത്തിൽ എത്തിയ അദ്ദേഹം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രവർത്തകനായി പൊതുപ്രവർത്തന രംഗത്ത് സജീവമായി.

1991-ൽ ഒൻപതാം കേരള നിയമസഭയിലേക്ക് ആംഗ്ലോ-ഇൻഡ്യൻ പ്രതിനിധിയായി ഡേവിഡ് പിൻഹിറോ നാമനിർദ്ദേശം ചെയ്യപ്പെട്ടു.

യൂത്ത് കോൺഗ്രസ്സ് എറണാകുളം ജില്ലാ ട്രഷറർ, ഇളംകുന്നപ്പുഴ പഞ്ചായത്ത് അംഗം, സെൻട്രൽ ബോർഡ് ഓഫ് ആംഗ്ലോ-ഇൻഡ്യൻ എഡ്യൂക്കേഷൻ അംഗം എന്നീ ചുമതലകളും അദ്ദേഹം വഹിച്ചിട്ടുണ്ട്.

ഡേവിഡ് പിൻഹിറോയുടെ നിര്യാണത്തോടെ മികച്ച ഒരു പൊതു പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിട്ടുള്ളത്.

അന്തരിച്ച മഹത്‌വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)